(ii) കേരളത്തിൽ

20–ാം നൂറ്റാണ്ടിനു മുമ്പ് കേരളത്തിൽ സംഘടിതമായ ഇസ്‌ലാമിക പ്രബോധനം നടന്നിട്ടുള്ളതായി ചരിത്രം പറയുന്നില്ല. ഒറ്റപ്പെട്ട ചില പണ്ഡിതന്മാരുടെ പ്രബോധനങ്ങൾ അങ്ങിങ്ങായി നടന്നുവന്നിരുന്നു. 19–ാം നൂറ്റാണ്ടിൽ വാദപ്രതിവാദങ്ങളിലൂടെ ക്രൈസ്തവ ആദർശങ്ങളെ ഖണ്ഡിക്കുകയും ക്രിസ്ത്യാനികളെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുകയും ചെയ്ത പണ്ഡിതനാണ് സയ്യിദ് ഥനാഉല്ലാ മക്തി തങ്ങൾ (1847–1912).

ഇതര മതങ്ങളിൽനിന്ന് ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുന്ന നവ മുസ്‌ലിംകൾക്ക് ദീനീ ശിക്ഷണം നല്കാൻ 1900–ത്തിൽ പൊന്നാനിയിൽ മഊനതുൽ ഇസ്‌ലാം സഭ എന്ന പേരിലും 1936–ൽ കോഴിക്കോട്ട് തർബിയതുൽ ഇസ്‌ലാം എന്ന പേരിലും ഓരോ സ്ഥാപനങ്ങൾ ഉയർന്നുവന്നു. ഈ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. മഊനതിൽ ശിക്ഷണത്തിനായി കേരളീയർക്കു പുറമേ തമിഴ്നാട്ടിൽനിന്നും ധാരാളം നവ മുസ്‌ലിംകൾ എത്താറുണ്ട്.

1944 മുതൽ കേരളത്തിൽ പ്രവർത്തനമാരംഭിച്ച ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിക പ്രബോധനം അതിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നു. അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെസ്സംബന്ധിച്ച തെറ്റിദ്ധാരണകൾ ദൂരീകരിക്കാനും ഇസ്‌ലാമിനെ പരിചയപ്പെടുത്താനുമുതകുന്ന അനേകം മലയാള പുസ്തകങ്ങൾ ജമാഅത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. ജമാഅത്ത് പ്രവർത്തകരും അനുഭാവികളും മുൻകൈയെടുത്ത് രൂപീകരിച്ച കേരള ഇസ്‌ലാമിക് മിഷൻ– കോഴിക്കോട് (KIM), ഹൈറേഞ്ച് ഇസ്‌ലാമിക് മിഷൻ– കാഞ്ഞിരപ്പള്ളി (HIM) എന്നീ വേദികൾ ഇസ്‌ലാമിക പ്രബോധനം മുസ്‌ലിം സമുദായത്തിന്റെ ബാധ്യതയാണെന്ന ധാരണ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇസ്‌ലാമിനെ പരിചയപ്പെടാൻ ആഗ്രഹിക്കുന്നവരെ വിവിധ മാർഗേണ സഹായിക്കുകയാണ് ഈ വേദികളുടെ ലക്ഷ്യം. പോസ്റ്റൽ ലൈബ്രറിയിലൂടെ ആവശ്യക്കാർക്ക് പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുക, അവരുടെ സംശയങ്ങൾക്ക് വിശദീകരണം നല്കുക എന്നിവയാണ് മുഖ്യ പ്രവർത്തനങ്ങൾ.

മുസ്‌ലിംകളല്ലാത്തവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും അവരുടെ തെറ്റിദ്ധാരണകൾ ദൂരീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1999 മുതൽ പ്രവർത്തനമാരംഭിച്ച വേദിയാണ് ഡയലോഗ് സെന്റർ കേരള. വ്യക്തിബന്ധം സ്ഥാപിക്കുക, മുഖാമുഖങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുക, സമൂഹത്തിന് പൊതുവിൽ പ്രയോജനപ്പെടുന്ന ഉത്തമ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്നിവയാണ് ഡയലോഗ് സെന്ററിന്റെ പ്രധാന പരിപാടികൾ.

കേരള നദ്‌വതുൽ മുജാഹിദീൻ പ്രവർത്തകർ മുൻകൈയെടുത്ത് രൂപീകരിച്ച നിച്ച് ഓഫ് ട്രൂത്ത്, സമസ്തയിലൊരു വിഭാഗത്തിന്റെ ഇസ്‌ലാമിക് പ്രൊപഗേഷൻ സെന്റർ തുടങ്ങിയ വേദികളും ഇസ്‌ലാമിക പ്രബോധന രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, ആശയ സംവാദങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് നിച്ച് ഓഫ് ട്രൂത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.